(സി) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും മാത്രം നിർബന്ധമുണ്ടായിരുന്ന എസ്.എൽ.ഐ., ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമുകൾ 12-1-2004-ലെ ജി.ഒ. (പി) നമ്പർ 25/04/ധന., ജി.ഒ. (പി) നമ്പർ 26/04/ധന ഉത്തരവുകൾപ്രകാരം മറ്റു പൊതുമേഖലാസ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂൾ, പ്രൈവറ്റ് കോളേജ്, യൂണിവേഴ്സിറ്റികൾ, സിറ്റി കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, സർക്കാർ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിച്ചു.

പോലീസ് - എക്സൈസ് സംയുക്ത റെയ്ഡുകൾ

25 [3278] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാജവാറ്റ് കേന്ദ്രങ്ങൾ നിർത്തലാക്കുവാൻ എക്സൈസ്-പോലീസ് വകുപ്പുകൾ സംയുക്ത റെയ്ഡുകൾ നടത്തുന്നകാര്യം പരിഗണിക്കുമോ;

(ബി) ഇത്തരത്തിൽ കഴിഞ്ഞ നാലുവർഷമായി എന്തെങ്കിലും റെയ്ഡുകൾ നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) പല ജില്ലകളുടെയും അതിർത്തികളിൽ ഇത്തരം വ്യാജമദ്യകേന്ദ്രങ്ങൾ ഉണ്ടെന്നുള്ള പരാതി പരിഗണിച്ച് ഇത്തരം സംയുക്ത റെയ്ഡുകൾ നടത്തുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എക്സൈസ്-പോലീസ് വകുപ്പുകൾ സംയുക്ത റെയ്ഡുകൾ നടത്തുന്നുണ്ട്.

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ 1076 റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(സി) അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ വരുമാനം

26 [3279] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001-2002 സാമ്പത്തികവർഷം മുതൽ 2005-2006 സാമ്പത്തികവർഷം ഉൾപ്പെടെ എക്സൈസ് വകുപ്പിന്റെ വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ; വരുമാനത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കള്ളുഷാപ്പുകൾ റെയിഞ്ച് അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നുണ്ടോ; നിലവിലുള്ള പൂട്ടിയിട്ട കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly